STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.122/PR/SPMC/PHQ/2022 Date:02.07.2022

## ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിച്ചു

സ്പെഷ്യൽ ആംഡ് പോലീസ്, മലബാർ സ്പെഷ്യൽ പോലീസ് എന്നീ ബറ്റാലിയനുകളിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയ 99 ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിച്ചു. ശനിയാഴ്ച രാവിലെ തിരുവനന്തപുരം എസ്.എ.പി ഗ്രൗണ്ടിൽ നടന്ന പരേഡിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, ബറ്റാലിയൻ എ.ഡി.ജി.പി കെ.പത്മകുമാർ, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, കണ്ണൂർ, കോട്ടയം, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, വയനാട് എന്നീ ജില്ലകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളാണ് ആറ് മാസത്തെ അടിസ്ഥാനപരിശീലനം പൂർത്തിയാക്കി സേനയുടെ ഭാഗമായത്. അടിസ്ഥാന പോലീസ് പരിശീലനത്തിന് പുറമെ പുതുതലമുറ വാഹനങ്ങളുടെ ഉപയോഗം, പരിപാലനം, വി.വി.ഐ.പി സുരക്ഷാ ഡ്യൂട്ടി, എസ്കോർട്ട് ഡ്യൂട്ടി എന്നിവയ്ക്ക് ആവശ്യമായ പ്രത്യേക പരിശീലനവും ഇവർക്ക് ലഭിച്ചു.

തിരുവനന്തപുരത്ത് എസ്.എ.പി ഗ്രൗണ്ടിൽ നടന്ന പരേഡിൽ 99 സേനാംഗങ്ങൾ നാല് പ്ലട്ടൂണുകളിലായി അണിനിരന്നു. അനിൽകുമാർ.സി.കെ പരേഡിനെ നയിച്ചു. അനന്ദു ബാബു.സി ആയിരുന്നു സെക്കന്റ് ഇൻ കമാൻഡർ. സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ നിന്ന് പ്രവീൺ.ബി, ശരത്.വി, ബിനു രാജ്.വി.എ എന്നിവർ യഥാക്രമം ബെസ്റ്റ് ഔട്ട്ഡോർ, ബെസ്റ്റ് ഇൻഡോർ, ബെസ്റ്റ് ഷൂട്ടർ എന്നീ വിഭാഗങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. മലബാർ സ്പെഷ്യൽ പോലീസിലെ അനന്ദുബാബു.സി, മിഥുൻ.എം.എസ്, സജിത്ത്‌ലാൽ.കെ എന്നിവർ യഥാക്രമം ബെസ്റ്റ് ഔട്ട്ഡോർ, ബെസ്റ്റ് ഇൻഡോർ, ബെസ്റ്റ് ഷൂട്ടർ ബഹുമതികൾ നേടി. ശരത്.വി, അനന്ദു ബാബു.സി എന്നിവർ യഥാക്രമം സ്പെഷ്യൽ ആംഡ് പോലീസ്, മലബാർ സ്പെഷ്യൽ പോലീസ് എന്നിവിടങ്ങളിലെ ഓൾറൗണ്ടർമാരായി.

പരിശീലന കാലയളവിൽ വിവിധ വിഭാഗങ്ങളിൽ മികവ് പുലർത്തിയ സേനാംഗങ്ങൾക്കുള്ള ട്രോഫികൾ മുഖ്യമന്ത്രി വിതരണം ചെയ്തു. സ്പെഷ്യൽ ആംഡ് പോലീസ്, മല

ബാർ സ്പെഷ്യൽ പോലീസ് ക്യമ്പുകളിലാണ് സേനാംഗങ്ങളുടെ പരിശീലനം പൂർത്തിയായത്.

സേനാംഗങ്ങളിൽ മൂന്ന് ബിരുദാനന്തര ബിരുദധാരികളും ഒരു എംടെക്, ഒരു എം.ബി .എ, അഞ്ച് ബിടെക്, രണ്ട് ബി എഡ്, 36 ബിരുദ യോഗ്യതയുള്ളവരുമുണ്ട്. ഡിപ്ലോമ യോഗ്യതയുള്ള 13 പേരും ഐ.റ്റി.ഐ യോഗ്യതയുള്ള 16 പേരുമുണ്ട്.

**ഫോട്ടോക്യാപ്ഷൻ** :

ഫോട്ടോ1 . തിരുവനന്തപുരം എസ്.എ.പി ഗ്രൗണ്ടിൽ നടന്ന ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കുന്നു.

ഫോട്ടോ 2,3,4,5,6 . പാസിംഗ് ഔട്ട് പരേഡിന്റെ വിവിധ ദൃശ്യങ്ങൾ.

*************************************